(*b*) if so, what are the grounds for the same ; and

(*c*) was it done on the unanimous recommendation of the Standing Finance Committee ?

Minister for Finance and Food **(Sri. K. M. Korah) :**

(*a*) Yes.

(*b*) As part of the scheme for unification and enhancement of dearness allowances.

(*c*) Sri. K. Balakrishna Menon alone expressed the view that the allowance may be extended to all towns in the State instead of abolishing the existing town allowance in the Cochin area.

കയർ വ്യവസായം

* ൨൩. (൯ ൪) സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തു ഇതിനകം എത്ര കയർ വ്യവസായ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക ഗവൺമെൻറ് എന്തെങ്കിലും ധനസഹായം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ സംഘം മുന്നേക്ക എത്ര തുകവീതം;

(സി) അങ്ങിനെ തുക വാങ്ങിയിട്ടുള്ള സംഘങ്ങൾ ഇതിനകം തൊഴിലാളി താല്പര്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(ഡി) കഴിഞ്ഞ ബഡ്ജറ്റിൽ കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കു വേണ്ടി വിനിയോഗിക്കാൻ എത്ര തുകയാണ് കൊള്ളിച്ചിട്ടുള്ളത്;

(ഇ) കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി വിനിയോഗിക്കാൻ സെൻട്രൽ ഗവൺമെൻറ് സംസ്ഥാന ഗവൺമെൻറിനു എത്ര തുക അനുവദിച്ചു തന്നിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൨൩.

(ബി) ഉണ്ട്. ൧൯൫൫-൫൬ ൽ ൪൫ സൊസൈറ്റികൾക്ക് സൊസൈറ്റി ഒന്നിനു ൨,൦൦൦ രൂപാവീതവും ഈ വർഷത്തിൽ ൩൨ സൊസൈറ്റികൾക്ക് സൊസൈറ്റി ഒന്നിനു ൨,൦൦൦ രൂപാവീതവും ആദ്യഗഡു ഗ്രാൻറ് നൽകിട്ടുണ്ട്. ബാക്കിയുള്ള ൨ സൊസൈറ്റികൾക്ക് ഉടനെ ഗ്രാൻറ് നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) ൫൦,൦൦൦ രൂപാ.

(ഇ) ഇതുവരെ ഒരു തുകയും അനുവദിച്ചിട്ടില്ല.

റേഷൻ വിതരണത്തിലെ നഷ്ടം

* ൨൪. (൯ ൫) സാഹിബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വെളിയിൽനിന്നും കൂടിയ വിലക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങി കുറഞ്ഞവിലക്ക് ഈ സംസ്ഥാനത്തു വിതരണം നടത്തുന്ന വകയിൽ ഒരു കൊല്ലത്തിൽ എത്ര നഷ്ടം ഉണ്ടാകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly